പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2530 01.4.2013 ന് മറുപടിയ്ക്ക്

## കൺസ്ട്രക്ഷൻ അക്കാദമി രൂപീകരിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ അക്കാദമി രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) രൂപം നൽകിയിട്ടുണ്ട്. 28.3.2012 ൽ രജിസ്റ്റർ ചെയ്യപ്പെട്ടതും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) ആദ്യസംരംഭമായി ലോകോത്തര നിലവാരമുള്ള കൺസ്ട്രക്ഷൻ അക്കാദമി, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട ചവറയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഉയർന്നുവരുന്ന ആധുനിക വ്യാവസായിക മേഖലകളിലെ വിദഗ്ധ തൊഴിലാളികളുടെയും, പ്രൊഫഷണലുകളുടെയും സ്കിൽ ഗ്യാപ്പ് നികത്തുന്നതിനായി വിവിധ ഏജൻസികൾ/ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന വിദഗ്ധ തൊഴിൽ പരിശീലന സംരംഭങ്ങളുടെ ഏകോപനത്തിന്റെയും മേൽനോട്ടത്തിന്റെയും കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പരമോന്നത സ്ഥാപനമായ KASE - ന്റെ പ്രഥമ സംരംഭമാണ് കൺസ്ട്രക്ഷൻ അക്കാദമി. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (സി) സ്വകാര്യ മേഖലയിൽ വൈദഗ്ധ്യം തെളിയിച്ച കമ്പനികളുടെ പങ്കാളിത്തത്തോടെ പി.പി.പി. മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാഡമിയുടെ രൂപകല്പനയിൽ അത്യാധുനികവും, ലോകോത്തരവുമായ ആശയങ്ങൾ ലഭ്യമാക്കാനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയുണ്ടായി. നിശ്ചിത സമയത്തിനുള്ളിൽ ഏഴ് സ്ഥാപനങ്ങളിൽ നിന്ന് പ്രപ്പോസലുകൾ ലഭിക്കുകയും ആയത് ടെക്നിക്കൽ ഇവാല്യുവേഷന് വിധേയമാക്കുകയും, തിരഞ്ഞെടുക്കപ്പെട്ട മൂന്ന് കമ്പനികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ടി മൂന്ന് സ്ഥാപനങ്ങൾക്ക് കൺസ്ട്രക്ഷൻ അക്കാഡമിക്ക് വേണ്ടിയുള്ള Request for proposal (RFP) തയ്യാറാക്കി ബിഡ്ഡിന് ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ